<u>15 -ാം കേരള നിയമസഭ</u>

<u>8 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 761</u> <u>02-02-2023 - ൽ മറുപടിയ്ക്ക്</u>

<u>സഹകരണ ബാങ്കുകളിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുത്ത് കൃത്യമായി അടച്ചുവന്നിരുന്നവർക്കും പ്രളയത്തെയും കോവിഡ് മഹാമാരിയെയും തുടർന്ന് തിരിച്ചടവിന് വീഴ്ച വരുത്തിയവർക്കും വായ്പാതിരിച്ചടവിനായി പലിശ, പിഴ പലിശ എന്നിവയിൽ പരമാവധി ഇളവുകൾ അനുവദിച്ച് ഒറ്റത്തവണ തീർപ്പാക്കലിനായി അവസരം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുത്ത് കൃത്യമായി അടച്ച് വരുന്നവർക്കും, പ്രളയത്തെയും കോവിഡ് മഹാമാരിയെയും തുടർന്ന് തിരിച്ചടവിന് വീഴ്ച വരുത്തിയവർക്കും വായ്പാ തിരിച്ചടവിനായി പലിശ, പിഴപ്പലിശ എന്നിവയിൽ പരമാവധി ഇളവുകൾ അനുവദിച്ച് 2021 ആഗസ്റ്റ് 16 മുതൽ 2022 സെപ്റ്റംബർ 30 വരെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിരുന്നു. ടി പദ്ധതി പ്രകാരം പ്രളയത്തെയും കോവിഡ് മഹാമാരിയെയും തുടർന്ന് തിരിച്ചടവിന് വീഴ്ച വരുത്തിയവർക്ക് പിഴപ്പലിശ ഒഴിവാക്കിയും, പലിശയിൽ പരമാവധി 50 ശതമാനം വരെ ഇളവ് നൽകിയും വായ്പാകണക്ക് അവസാനിപ്പിക്കുന്നതിന് അവസരം നൽകിയിരുന്നു.<br><br>സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുത്ത് കൃത്യമായി അടച്ച് വരുന്നവർക്ക് 2020-21 സാമ്പത്തിക വർഷം അടച്ച പലിശയിൽ ഇളവ് നൽകാവുന്ന താണെന്നും, ഇപ്രകാരമുള്ള ഇളവ് സംഘം ഭരണ സമിതിയ്ക്ക് അനുവദിക്കാവുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ടായിരുന്നു. |
| (ബി) | ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) | സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുത്ത് കൃത്യമായി അടച്ച് വരുന്നവർക്കും, പ്രളയത്തെയും കോവിഡ് മഹാമാരിയെയും തുടർന്ന് തിരിച്ചടവിന് വീഴ്ച വരുത്തിയവർക്കും വായ്പാ തിരിച്ചടവിനായി പലിശ, പിഴപ്പലിശ എന്നിവയിൽ പരമാവധി ഇളവുകൾ അനുവദിച്ച് 2021 ആഗസ്റ്റ് 16 മുതൽ 2022 സെപ്റ്റംബർ 30 വരെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിരുന്നു. ടി പദ്ധതി പ്രകാരം പ്രളയത്തെയും കോവിഡ് മഹാമാരിയെയും തുടർന്ന് തിരിച്ചടവിന് വീഴ്ച വരുത്തിയവർക്ക് പിഴപ്പലിശ ഒഴിവാക്കിയും, പലിശയിൽ പരമാവധി 50 ശതമാനം |

| | | | |
|---|---|---|---|
| | | | വരെ ഇളവ് നൽകിയും വായ്പാകണക്ക് അവസാനിപ്പിക്കുന്നതിന് അവസരം നൽകിയിരുന്നു.<br><br>സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുത്ത് കൃത്യമായി അടച്ചു വരുന്നവർക്ക് 2020-21 സാമ്പത്തിക വർഷം അടച്ച പലിശയിൽ ഇളവ് നൽകാവുന്ന താണെന്നും, ഇപ്രകാരമുള്ള ഇളവ് സംഘം ഭരണ സമിതിയ്ക്ക് അനുവദിക്കാവുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ടായിരുന്നു. |

സെക്ഷൻ ഓഫീസർ